LIBRARY ARCHIVES Kerala Legislative Assembly

മങ്കട മണ്ഡലത്തിലെ കായിക വകുപ്പ് പ്രവർത്തനങ്ങൾ

273 (4661) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിൽ കായിക വകുപ്പ് മുഖേന നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ;

&

(ബി) പ്രസ്തുത മണ്ഡലത്തിൽ കൂടുതൽ പരിപാടികൾ സംഘടിപ്പിക്കുന്നതിനും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനും നടപടി സ്വീകരിക്കുമോ; തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ എന്തെല്ലാം പുതിയ പദ്ധതികൾ നടപ്പിലാക്കാൻ സാധിക്കുമെന്ന് അറിയിക്കുമോ?

(എ&ബി) മലപ്പുറം ജില്ലയിലെ മങ്കട നിയോജകമണ്ഡലത്തിൽ നിലവിൽ കായിക വകുപ്പ് മുഖേന പദ്ധതികളൊന്നും നിലവിലില്ല. പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

എളമുന്നപ്പുഴ ജി.എച്ച്.എസ്.എസ്.-ലെ കിക്കോഫ് പദ്ധതി

274 (4662) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെക്കാണുന്ന ചോദ്യത്തിന് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിക്കോഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള വൈപ്പിൻ നിയോജക മണ്ഡലത്തിലെ ജി.എച്ച്.എസ്.എസ്. എളമുന്നപ്പുഴയിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്നും വിശദമാക്കാമോ?

ഗ്രാസ്റൂട്ട് ഫുട്ബോൾ പരിശീലന പദ്ധതിയായ കിക്കോഫ് വൈപ്പിൻ മണ്ഡലത്തിലെ ജി.എച്ച്.എസ്.എസ്. എളങ്കുന്നപ്പുഴയിൽ 2019 മാർച്ച് മുതൽ നടപ്പിലാക്കിവരുന്നുണ്ട്. പ്രൈമറി സ്കൂൾ വിദ്യാർത്ഥികളിൽനിന്നും ഓപ്പൺ സെലക്ഷൻ നടത്തി തെരഞ്ഞെടുത്ത 25 പേർക്കാണ് പ്രസ്തുത സെന്ററിൽ പരിശീലനം നൽകുന്നത്. ഗ്രാസ്റൂട്ട് ഫുട്ബോൾ പരിശീലന മേഖലയിൽ മികവ് തെളിയിച്ച സ്പോർട്സ് എഡ്യൂക്കേഷൻ പ്രൊമോഷൻ ട്രസ്റ്റ് എന്ന സ്ഥാപനമാണ് പദ്ധതിയുടെ നിർവ്വഹണ ഏജൻസി. കോവിഡ്-19 രോഗവ്യാപനം കുറയ്ക്കുന്നതിന്റെ ഭാഗമായി പ്രസ്തുത പദ്ധതികൾ താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്. കോവിഡ്-19 നിയന്ത്രണങ്ങൾ മാറുന്നത് അനുസരിച്ച് പരിശീലനം പുനരാരംഭിക്കുന്നതാണ്.